# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 247 — 20.12.2012- ൽ മറുപടിക്ക്

## കയർ വ്യവസായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. ശശി<br>,, പി.തിലോത്തമൻ<br>,, ജി.എസ്.ജയലാൽ<br>,, കെ. അജിത് | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കയർ വ്യവസായം സാമ്പത്തിക നഷ്ടം കൊണ്ടും അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യം കൊണ്ടും തകർച്ചയിലെത്തിയിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (എ): കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും നിർമ്മാണത്തിനാവശ്യമായ (പ്രധാന അസംസ്തൃത വസ്തുവായ) ഗുണമേന്മയുള്ള ചകിരിയുടെ ദൗർലഭ്യവും അടിക്കടിയുണ്ടാവുന്ന വില വ്യതിയാനവും കയർ വ്യവസായം നേരിടുന്ന പ്രധാന വെല്ലുവിളികളാണ്. കയർ വ്യവസായ മേഖലയിലെ കുറഞ്ഞ കൂലിയും, നിർമ്മാണ മേഖല ഉൾപ്പെടെയുള്ള മറ്റു മേഖല കളിലേക്കുള്ള തൊഴിലാളികളുടെ കൊഴിഞ്ഞുപോക്കും പ്രതിസന്ധിക്ക് കാരണമാണ്. തൊണ്ടിന്റെ ലഭ്യതക്കുറവും, ആവശ്യാനുസരണം ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള ചകിരി യഥാസമയം ലഭിക്കാതിരിക്കുന്നതും, അന്യ സംസ്ഥാന ത്തുനിന്നും ചകിരി കൊണ്ടുവരുന്ന ഗതാഗത ചിലവിനത്തിൽ ഭീമമായ തുക സംഘങ്ങൾ വഹിക്കേണ്ടി വരുന്നതും മറ്റു കാരണങ്ങളാണ്. ഇത്തരം പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും പരിഹാരത്തിന് നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |
| (ബി) പ്രസ്തുത വ്യവസായത്തെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ? വിശദമാക്കുമോ? | (ബി) കയർ വ്യവസായത്തെ സംരക്ഷിച്ചു നിർത്തുന്നതിനും പ്രതിസന്ധി പരിഹരിക്കുന്നതിനും വേണ്ടി സർക്കാർ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. തൊണ്ടു സംഭരണ പദ്ധതി പരിഷ്ക്കരിച്ച് |

| | |
|---|---|
| | നടപ്പിലാക്കുന്നതും, നിലവിലുള്ള ഡീഫൈബറിംഗ് മില്ലുകൾ പുനരുദ്ധരിക്കാനുള്ള പദ്ധതിയും, മിനി ഡീഫൈബറിംഗ് മെഷീനുകൾ സൗജന്യമായി സഹകരണ മേഖലയ്ക്കും, സബ്സിഡി നിരക്കിൽ സ്വകാര്യമേഖലയ്ക്കും നൽകുന്നതും പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തനമൂലധന പരിധി വർദ്ധിപ്പിച്ച് സംഘങ്ങൾക്ക് നൽകുന്നതും, ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം കയർപിരി മേഖലയിൽ കൂലി 210 രൂപയാക്കി, 110 രൂപയോളം സർക്കാർ തന്നെ നൽകുന്നതും, ഉല്പ്പന്നമേഖലയിൽ കൂലി 285 ആയി വർദ്ധിപ്പിച്ചതും വിപണനം ശക്തിപ്പെടുത്താൻ കയർ കേരള പോലുള്ള എക്സിബിഷൻ നടത്തുന്നതും ഇവയിൽ പ്രധാനപ്പെട്ടവയാണ്. |

സെക്ഷൻ ഓഫീസർ